**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

നം.34202/ഡി.എ.1/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 26.05.2010

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - 2010-11 വാർഷിക പദ്ധതി - ഷെഡ്യൂൾ നിരക്കുകളുടെ പരിഷ്ക്കരണം - മരാമത്ത് പ്രവൃത്തികളുടെ നിരവ്വഹണം - സ്പഷ്ടീകരണം സംബന്ധിച്ച്

സൂചന:- 1. സ.ഉ.(എം.എസ്) നം.75/2009/തസ്വഭവ; തീയതി 05.05.2009
2. സ.ഉ.(എം.എസ്) നം.32/2010/തസ്വഭവ; തീയതി 22.02.2010
3. സ.ഉ.(സാധാ) നം.791/2010/പി.ഡബ്ല്യൂ.ഡി; തീയതി 14.05.2010

തദ്ദേശഭരണ സ്ഥാപനങ്ങൾ 01.04.2009 മുതൽ 2009-ലെ ഷെഡ്യൂൾ നിരക്കുകളെ ആധാരമാക്കിയാണ് മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിവരുന്നത്. എന്നാൽ പൊതു മരാമത്ത് വകുപ്പ് സൂചന 3 പ്രകാരം ഷെഡ്യൂൾ നിരക്കുകൾ പരിഷ്കരിക്കുകയും 2010-ലെ ഷെഡ്യൂൾ നിരക്കുകൾക്ക് 14.05.2010 മുതൽ പ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്.

2. തദ്ദേശഭരണ സ്ഥാപനങ്ങൾ 2010-11 വാർഷികപദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി അംഗീകാരം നേടുന്ന സമയമാണ് ഇപ്പോൾ. ഷെഡ്യൂൾ നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും ചില തദ്ദേശഭരണ സ്ഥാപനങ്ങൾ 2010-11 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് 2009-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും 14.05.2010-നുശേഷം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. അതുപോലെ 2009-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക പദ്ധതിക്ക് അംഗീകാരം നേടാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുമുണ്ട്. 2009-ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ പുതിയ ഷെഡ്യൂൾ നിരക്കുകളെ ആധാരമാക്കി ഇപ്പോൾ പരിഷ്കരിക്കുകയാണെങ്കിൽ 2010-11 വാർഷിക പദ്ധതിയുടെ അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടായേക്കാം. ഈ സാഹചര്യത്തിൽ സർക്കാർ ചുവടെ വിവരിക്കുന്ന സ്പഷ്ടീകരണം നൽകുന്നു.

3. പൊതുമരാമത്ത് വകുപ്പ് സൂചന 3 പ്രകാരം പുതുക്കി നിശ്ചയിച്ച ഷെഡ്യൂൾ നിരക്കുകൾ 14.05.2010 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾക്കും ബാധകമായിരിക്കുമെങ്കിലും 2009-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം ഇതിനകം തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ പുതിയ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ പരിഷ്കരിക്കേണ്ടതില്ല. 2009-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം തന്നെ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കി ടി.എ.ജി. മുഖേന ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ച് അംഗീകാരം നേടാവുന്നതാണ്. ഇപ്രകാരം 2010 ജൂൺ 15 വരെ 2009-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം തയ്യാറാക്കിയ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടി.എ.ജി.ക്ക് സമർപ്പിക്കാവുന്നതാണ്. 2009-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രോജക്ടുകൾക്ക് അംഗീകാരം നേടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രവൃത്തികൾ നടപ്പാക്കുവാൻ ചുവടെ പ്രതിപാദിക്കുന്നതിൽ ഏതെങ്കിലും ഒരു രീതി അവലംബിക്കാവുന്നതാണ്.

(1) 2009-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം തന്നെ പ്രവൃത്തികൾ നടപ്പാക്കാവുന്നതാണ്. ഇത്തരം പ്രവൃത്തികൾക്ക് 2010-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയും 2009-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള

എസ്റ്റിമേറ്റ് തുകയും തമ്മിലുള്ള വ്യത്യാസം പരമാവധി അധികം അനുവദിക്കാം. അധിക തുക അനുവദിക്കുന്ന കാര്യം ടെണ്ടർ പരസ്യത്തിൽ തന്നെ വ്യക്തമാക്കണം. ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള അധിക തുക മുകളിൽ സൂചിപ്പിച്ച വ്യത്യാസത്തെക്കാൾ കുറവാണെങ്കിൽ ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള അധിക തുക മാത്രമെ അനുവദിക്കാൻ പാടുള്ളൂ. ഇപ്രകാരം പ്രവൃത്തികൾക്ക് അധിക തുക അനുവദിക്കുന്ന സന്ദർഭത്തിൽ നടപടി ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനായി പ്രോജക്ടുകൾ പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(2) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ പ്രോജക്ടുകൾ 2010–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കാം. പുതുക്കിയ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. ടി.എ.ജി.യുടെ സാങ്കേതികാനുമതി നേടി നിർവ്വഹണ നടപടികൾ ആരംഭിക്കാമെങ്കിലും തുടർന്ന് നടപടി ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനായി പ്രോജക്ട് പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

4. മുൻഖണ്ഡികയിൽ വിവരിച്ചതുപ്രകാരം പ്രവൃത്തികൾ നടപ്പാക്കുമ്പോൾ വാർഷിക പദ്ധതിയിൽ അനിവാര്യമാകുന്ന ഭേദഗതികൾ മേഖലാതല മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കണം. പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ മുൻഗണന കുറഞ്ഞ പ്രോജക്ടുകൾ ഉപേക്ഷിച്ച് വിഹിതം കണ്ടെത്തേണ്ടതാണ്.

5. 2010 ജൂൺ 15–നകം വാർഷിക പദ്ധതി അന്തിമമാക്കി ടി.എ.ജി.ക്ക് സമർപ്പിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2009–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം ഖണ്ഡിക 3–ലെ നിബന്ധനകൾക്ക് വിധേയമായി പ്രവൃത്തികൾ നടപ്പാക്കാമെങ്കിലും 2010–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരിക്കുന്നതാണ്.

6. 2010 ജൂൺ 15–നു ശേഷം വാർഷിക പദ്ധതി ടി.എ.ജി.ക്ക് സമർപ്പിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ 2010–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ മാത്രമെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനും നിർവ്വഹണം നടത്താനും പാടുള്ളൂ.

7. 2010–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് സൂചന 2 പ്രകാരമുള്ള അധിക നിരക്ക് അനുവദനീയമല്ല.

8. അക്രഡിറ്റഡ് ഏജൻസികൾ, ഗുണഭോക്തൃ സമിതികൾ എന്നിവ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്കും ഈ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ ബാധകമായിരിക്കും.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8 സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 ആരോഗ്യവകുപ്പ് ഡയറക്ടർ
11 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
14 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
15 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
17 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
18 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
20 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
21 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
22 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
23 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
25 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
26 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
27 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
28 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
29 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
32 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
33 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
34 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്